പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 152 17-06-2013-ൽ മറുപടിയ്ക്ക്

**ആരാധനാലയങ്ങൾ വർഗീയ സംഘടനകൾ ദുർവിനിയോഗം ചെയ്യുന്നതിനെതിരെ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. സി. കൃഷ്ണൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യത്യസ്ത ആരാധനാലയങ്ങൾ വിവിധ വർഗീയ സംഘടനകളുടെ അധീനതയിൽ അകപ്പെട്ടിരിക്കുന്നതും, ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള സ്ഥലങ്ങൾ; ഇത്തരം സംഘടനകൾ പരിശീലനത്തിനും പണപ്പിരിവിനും മറ്റുമായി ദുർവിനിയോഗം ചെയ്തുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആരാധനാലയങ്ങൾ ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആരാധനാലയങ്ങളുടെ അടുത്തുള്ള സ്ഥലങ്ങൾ ചില സംഘടനകൾ കായിക പരിശീലനത്തിനായി ഉപയോഗിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത പിരിവുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല. |
| (ബി) എങ്കിൽ സർക്കാരിന് ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്താമോ; ആപൽക്കരമായ ഇത്തരം പ്രവർത്തനങ്ങൾ ഇന്റലിജൻസ് വിഭാഗം ചൂണ്ടിക്കാട്ടുകയുണ്ടായോ; | (ബി) രഹസ്യാന്വേഷണ വിഭാഗം ഇത്തരം സംഭവങ്ങളെക്കുറിച്ച് യഥാസമയം സർക്കാരിനെ അറിയിക്കുകയും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ദേശ സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങളായതിനാൽ സർക്കാരിനു ലഭിക്കുന്ന ഇത്തരം റിപ്പോർട്ടുകൾ വെളിപ്പെടുത്താനാവില്ല. |
| (സി) ആരാധനാലയങ്ങൾ വർഗീയ സംഘടനകൾ ദുർവിനിയോഗം ചെയ്യാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (സി) ആരാധനാലയങ്ങൾ വർഗീയ സംഘടനകൾ ദുർവിനിയോഗം ചെയ്യാതിരിക്കാനായി പോലീസ് രഹസ്യാന്വേഷണങ്ങളും നിരന്തരമായ പട്രോളിംങ്ങും, നിരീക്ഷണങ്ങളും നടത്തി ജാഗ്രത പുലർത്തി വരുന്നുണ്ട്. കൂടാതെ ആരാധനാലയങ്ങളുടെ ഉത്തരവാദപ്പെട്ട അധികാരികൾക്ക് കർശനമായ മാർഗനിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. |

| | |
|---|---|
| (ഡി) മതസ്ഥാപനങ്ങൾ ദുരുപയോഗം തടയൽ നിയമമനുസരിച്ച് ഈ സർക്കാർ ഏതെങ്കിലും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വർഗീയ-തീവ്രവാദ സംഘടനകൾക്കെതിരെ കേസെടുക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | (ഡി) ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ ഈ നിയമം അനുസരിച്ചുള്ള കേസുകൾ എടുക്കേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ